## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5880 | 07.07.2014-ലെ മറുപടിക്ക്

### ' മിൽക്ക് ഷെഡ്' ' വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. കെ. സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) 'മിൽക്ക് ഷെഡ് ' വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) ഉണ്ട്. പാലുല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് നടപ്പിലാക്കി വരുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'മിൽക്ക് ഷെഡ്' വികസന പദ്ധതി. നടപ്പു സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 2,588 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും, ശാസ്ത്രീയ പശു പരിപാലന രീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയുമാണ് ഈ പദ്ധതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ലക്ഷ്യമിട്ട് 02/ 05/ 10 പശുക്കൾ അടങ്ങുന്ന ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, ആരോഗ്യവും അത്യുല്പാദന ശേഷിയുള്ളതുമായ കാലികളെ വളർത്തിയെടുക്കുന്നതിനായി കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സബ്സിഡി, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ |

കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്തെ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയുടെ ഭാഗമായും നടപ്പുവർഷം മിൽക്ക് ഷെഡ് വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു.

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ഡി) നടപ്പുവർഷം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള **700** ലക്ഷം രൂപ ഉൾപ്പെടെ ആകെ **2,588** ലക്ഷം രൂപയുടെ പദ്ധതി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ